**പ്രസിദ്ധീകരണത്തിന്**

ശബരിമലക്ഷേത്രത്തിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളെ പ്രവേശിപ്പിക്കുന്നതിനും അതിന് നിലവിലുള്ള ആചാരങ്ങളിൽ മാറ്റം വരുത്തുന്നതിനും വേണ്ടി ഇന്ത്യൻ യംഗ് ലോയേഴ്സ് അസോസിയേഷൻ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തപ്പോൾതന്നെ, നൂറ്റാണ്ടുകളായി ശബരിമലക്ഷേത്രത്തിൽ നിലനിന്നുവരുന്ന കീഴ്‌വഴക്കങ്ങൾ കോടതിയെ ബോധിപ്പിക്കുന്നതിനു വേണ്ടി നായർ സർവീസ് സൊസൈറ്റി കേസിൽ കക്ഷിചേർന്നതാണ്. ഭരണഘടനാബഞ്ചിലെ ഏക വനിതാഅംഗത്തിന്റെ വിയോജനക്കുറിപ്പോടുകൂടി, ഏതു പ്രായത്തിലുമുള്ള സ്ത്രീകൾക്കും ശബരിമലയിൽ പ്രവേശനം അനുവദിക്കണമെന്ന് ബഹു. സുപ്രീംകോടതിയുടെ വിധി ഉണ്ടായപ്പോൾ നായർ സർവീസ് സൊസൈറ്റിക്കുവേണ്ടി മുൻ അറ്റോർണി ജനറലും സീനിയർ അഭിഭാഷകനുമായ കെ. പരാശരൻ മുഖേന റിവ്യൂ ഹർജി ഫയൽ ചെയ്തു. അതേസമയം സംസ്ഥാനസർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും വിധി നടപ്പാക്കാൻ തിടുക്കത്തിൽ നടപടികൾ സ്വീകരിക്കുകയാണുണ്ടായത്.

റിവ്യൂ ഹർജികൾ പരിഗണിച്ച ഭരണഘടനാബഞ്ച്, തുറന്ന കോടതിയിൽ വാദംകേൾക്കാൻ തീരുമാനിച്ചപ്പോൾ സീനിയർ അഭിഭാഷകൻ ശ്രീ. കെ. പരാശരൻതന്നെയാണ് എൻ.എസ്. എസ്സിനു വേണ്ടി അന്നും കോടതിയിൽ ഹാജരായത്. തുടർന്ന്, അഞ്ചംഗ ഭരണഘടനാബഞ്ചിന്റെ തീരുമാനപ്രകാരം പ്രസ്തുത കേസ് വിപുലമായ 9 അംഗ ബഞ്ചിലേക്ക് വിട്ടുകൊണ്ടുള്ള സുപ്രീംകോടതിയുടെ വിധി ഉണ്ടായി. കേസ് ഇപ്പോൾ ഒൻപതംഗബഞ്ചിന്റെ പരിഗണനയിലാണ്. വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുവാൻ വേണ്ടിയുള്ള ഉറച്ച നിലപാടിലാണ് എൻ.എസ്.എസ്. ഇപ്പോഴും നിലകൊള്ളുന്നത്. അന്തിമഫലം വിശ്വാസികൾക്ക് അനുകൂലമാകുമെന്നുതന്നെയാണ് കരുതുന്നത്.

ഈ വിഷയം സുപ്രീംകോടതിയുടെ വിശാലബഞ്ചിന്റെ പരിഗണനയിൽ ഇരിക്കുമ്പോഴും, ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ട് വിശ്വാസസംരക്ഷണത്തിന്റെ പേരിൽ വിശ്വാസികളെ സ്വാധീനിക്കുവാൻ വേണ്ടിയുള്ള പുതിയ വാദഗതികളുമായി രാഷ്ട്രീയകക്ഷികൾ രംഗപ്രവേശം ചെയ്തിരിക്കുന്നത് കൗതുകകരമാണ്.

കേന്ദ്രഭരണം കയ്യിലിരിക്കെതന്നെ, ബി.ജെ.പി.ക്ക് ഒരു നിയമനിർമ്മാണത്തിലൂടെ പരിഹരിക്കാവുന്ന പ്രശ്നം മാത്രമായിരുന്നില്ലേ ഇത്?

പ്രതിപക്ഷത്തിരിക്കുമ്പോൾതന്നെ വിശ്വാസം സംരക്ഷിക്കുന്നതിനു വേണ്ടി യു.ഡി.എഫിന് നിയമസഭയിൽ ഒരു ബിൽ അവതരിപ്പിക്കാമായിരുന്നു. അതിനു പകരം, തങ്ങൾ അധികാരത്തിൽ വന്നാൽ വിശ്വാസികൾക്കനുകൂലമായ നിയമനിർമ്മാണം നടത്തുമെന്നുള്ള അവരുടെ പ്രഖ്യാപനത്തിന് എന്ത് ആത്മാർത്ഥതയാണുള്ളത്?

വിശ്വാസം സംരക്ഷിക്കണമെന്ന് സംസ്ഥാനം ഭരിക്കുന്ന ഗവണ്മെന്റിന് താല്പര്യമുണ്ടെങ്കിൽ സുപ്രീംകോടതിയിൽ അവർ സമർപ്പിച്ച സത്യവാങ്മൂലം തിരുത്തിക്കൊടുക്കാനോ ഒരു നിയമനിർമ്മാണത്തിലൂടെ ഈ വിഷയത്തിന് പരിഹാരം കാണുവാനോ ഇപ്പോഴും ശ്രമിച്ചുകൂടേ?

ബഹു. സുപ്രീംകോടതിയുടെ അഞ്ചംഗബഞ്ചിന്റെ വിധി നടപ്പായാൽ, അത് ശബരിമലയിൽ മാത്രമല്ല, സംസ്ഥാനത്തുള്ള മുഴുവൻ ഹൈന്ദവക്ഷേത്രങ്ങളിലെയും നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന വിവിധങ്ങളായ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഒരുപോലെ ബാധകമാണ്. മറ്റു മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾക്കെന്നപോലെയുള്ള വിശ്വാസസംരക്ഷണം ഹൈന്ദവക്ഷേത്രങ്ങൾക്കും ഉണ്ടാകേണ്ടത് അനിവാര്യമാണ്.

എൻ.എസ്.എസ്സിന്റെ പ്രഖ്യാപിതനയം ഈശ്വരവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിക്കുക എന്നതാണ്.

പെരുന്ന
9.2.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി